പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 349 — 29-06-2016 ൽ മറുപടിക്ക്

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് (2006-2011) ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നെന്നും പുതുതായി എത്രയെണ്ണം തുടങ്ങിയെന്നും അറിയിക്കാമോ; | (എ) മുൻ എൽ.ഡി.എഫ്. സർക്കാരിൻെറ കാലത്ത് (2006–2011) അവസാന സാമ്പത്തിക വർഷമായ 2010–11 –ൽ 23 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു. ഈകാലയളവിൽ ഒൻപത് പൊതുമേഖലാ യൂണിറ്റുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. |
| (ബി) നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; മുൻ യു.ഡി.എഫ്. സർക്കാരിന്റെ നയവൈകല്യം മൂലം ഏതൊക്കെ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത്; | (ബി) നിലവിൽ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2015-16 ലെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം 10 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. ഈ കാലയളവിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) നഷ്ടത്തിലുള്ളവയെ ലാഭകരമാക്കാൻ ഈ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവ ർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേയ്ക്ക് ഉറപ്പിൽ വരുത്തുന്നതിനും വേണ്ട നടപടികാം സ്വീകരിച്ചു വരുന്നു. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി പൊതുമേഖലാ വ്യവസായ പുന:സംഘടന ബോർഡ് (റിയാബ്) ഈ സർക്കാർ ഇതിനകം തന്നെ പുന:സംഘടിപ്പിച്ചിട്ടുണ്ട് ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള |

ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുന:രുദ്ധാരണം, പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതാണ്.

കൂടാതെ, വിപുലീകരണത്തിനുള്ള മൂലധനം സ്വയം കണ്ടെത്തുവാൻ സ്ഥാപനങ്ങളെ സ്വയം പര്യാപ്തമാക്കുക, പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുക, വ്യാവസായിക മേഖലയിലെ വിവിധ ഗവേഷണസ്ഥാപനങ്ങളുമായി യോജിച്ച് പൊതുമേഖലയിൽ നൂതന സാങ്കേതിക സംവിധാനങ്ങളും, വൈവിദ്ധ്യവത്ക്കരണവും നടപ്പിലാക്കുക എന്നിവയ്ക്ക് പ്രാമുഖ്യം നൽകി പദ്ധതികൾക്ക് രൂപം നൽകാനും ഉദ്ദേശിക്കുന്നു. ആഗോളവത്ക്കരണത്തിൻെറ അനന്തരഫലമായി ശാക്തീകരിച്ച വാണിജ്യമേഖലയിൽ മാത്സര്യബോധത്തോടെ പ്രവർത്തിച്ച് ലക്ഷ്യം കൈവരിക്കുന്നതിനായി സ്ഥാപനങ്ങളിലെ മാനവ വിഭവശേഷിയുടെ തുടർച്ചയായ ശാക്തീകരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യവും പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം I
13

2010-11 സാമ്പത്തിക വർഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. സ്ഥാപനങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനങ്ങൾ |
|---|---|
| 1 | ദി കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് |
| 2 | മലബാർ സിമൻറ്സ് ലിമിറ്റഡ് |
| 3 | കേരള സ്റ്റേറ്റ് ഇൻടസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 4 | ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലട്രിക്കൽസ് കേരള ലിമിറ്റഡ് |
| 5 | ട്രാവൻകൂർ റ്റൈറ്റാനിയം പ്രൊഡ്ക്ട്സ് ലിമിറ്റഡ് |
| 6 | കിൻഫ്ര |
| 7 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 8 | സ്റ്റീൽ ആൻറ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റ്ഡ് |
| 9 | കേരള സ്റ്റേറ്റ് ഇൻറസ്ട്രിയൽ എൻറർപ്രൈസസ്സ് ലിമിറ്റഡ് |
| 10 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് |
| 11 | കേരള ക്ലെയിസ് ആൻറ് സിറാമിക്സ് പ്രൊഡക്റ്റ്സ് ലിമിറ്റഡ് |
| 12 | സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് |
| 13 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 14 | കേരള സ്മോൾ ഇൻട്രസ്ടീസ് ഡവലപ്മെൻറ് കോർപ്പറേഷൻലിമിറ്റഡ് |
| 15 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 16 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| 17 | ഹാൻറക്സ് |
| 18 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 19 | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 20 | കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 21 | കേരള ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 22 | കെൽപാം |
| 23 | ഫോറസ്റ്റ് ഇൻഡസ്ട്രിസ് (ട്രാവൻകൂർ) ലിമിറ്റഡ് |

സെക്ഷൻ ഓഫീസർ

അനുബന്ധം II

15

## 2015-16 കാലയളവിൽ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ

| ക്രമ നം | സ്ഥാപനങ്ങൾ |
|---|---|
| | <u>ലാഭത്തിലുള്ള സ്ഥാപനങ്ങൾ</u> |
| 1 | മലബാർ സിമൻറ്സ് ലിമിറ്റഡ് |
| 2 | കേരള സ്റ്റേറ്റ് ഇൻടസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 3 | ദി കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് |
| 4 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 5 | ഫോറസ്റ്റ് ഇൻഡസ്ട്രിസ് (ട്രാവൻകൂർ) ലിമിറ്റഡ് |
| 6 | കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 7 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 8 | കേരള ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 9 | കേരള സ്റ്റേറ്റ് ഇൻറസ്ട്രിയൽ എൻറർപ്രൈസസ്സ് ലിമിറ്റഡ് |
| 10 | സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് |
| | **നഷ്ടത്തിലുള്ള സ്ഥാപനങ്ങൾ** |
| 1 | ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 2 | കെൽപാം |
| 3 | ടെക്സ്ഫെഡ് |
| 4 | കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സ് ലിമിറ്റഡ് |
| 5 | ഹാൻറക്സ് |
| 6 | സ്റ്റീൽ ആൻറ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റ്ഡ് |
| 7 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| 8 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 9 | കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 10 | ഹാൻറിക്രാഫ്റ്റ്സ് ഡവലപ്മെൻറ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് |

INTERNAL AUDIT BOARD Thiruvananthapuram

17

| ക്രമ നം | സ്ഥാപനങ്ങൾ |
|---|---|
| 11 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് |
| 12 | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 13 | ട്രാവൻകൂർ റ്റൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ് |
| 14 | ദി കേരള സിറാമിക്സ് ലിമിറ്റഡ് |
| 15 | കേരള ക്ലെയിസ് ആൻറ് സിറാമിക്സ് പ്രൊഡക്റ്റ്സ് ലിമിറ്റഡ് |
| 16 | ദി കാനന്നൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 17 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് |
| 18 | കേരള സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 19 | ആട്ടോകാസ്റ്റ് ലിമിറ്റഡ് |
| 20 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 21 | ദി ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ് |
| 22 | ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 23 | ദി ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 24 | സീതാറം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 25 | ദി തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 26 | കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് |
| 27 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 28 | കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ ലിമിറ്റഡ് |
| 29 | ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലട്രിക്കൽസ് കേരള ലിമിറ്റഡ് |
| 30 | സെയിൽ എസ്.സി.എൽ കേരള ലിമിറ്റഡ് |
| 31 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |

KINFRA not included

സെക്ഷൻ ഓഫീസർ